ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതി

122 (1085) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി അന്യാധീനപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം നൽകുന്നതിനുള്ള പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട് ;

(ബി) അത്തരത്തിലുള്ള കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള ഭൂമി കണ്ടെത്താനായിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്യാധീനപ്പെട്ട ഭൂമിക്ക് പകരമായി എറണാകുളം ജില്ലയിൽ 2 അപേക്ഷകർക്കും കൊല്ലം ജില്ലയിൽ 7 അപേക്ഷകർക്കും മലപ്പുറം ജില്ലയിൽ 18 പേർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി അനുവദിച്ചിട്ടുണ്ട്. റവന്യു വകുപ്പിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) അന്യാധീനപ്പെട്ടുപോയ അർഹരായ എല്ലാവർക്കും ഭൂമി നൽകുന്നതിനു വേണ്ടി ലഭ്യമായ നെറ്റ് പ്രസന്റ് വാല്യു (NPV) കേസിൽ ഉൾപ്പെട്ട 7693 ഹെക്ടർ വനഭൂമി, സ്വകാര്യ വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങാൻ ഉദ്ദേശിച്ച ഭൂമി എന്നിങ്ങനെ വിവിധ സ്രോതസ്സുകളിൽ നിന്നും ഭൂമി ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ലഭ്യമായ നിക്ഷിപ്ത വനഭൂമി പരിശോധിച്ച് വിതരണത്തിനുള്ള അനുയോജ്യത ഉറപ്പുവരുത്തുന്ന നടപടി പൂർത്തിയായി വരുന്നു.

ആദിവാസികൾക്കുള്ള ഭൂമി വിതരണം

123 (1086) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) മുൻ സർക്കാർ ആദിവാസികൾക്ക് ലഭ്യമാക്കിയ ഭൂമിയുടെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിൽ എത്രപേർക്ക് ഭൂമി ലഭ്യമാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly